**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 759** **10-02-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടന വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എത്ര രൂപയുടെ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | 2007-ൽ സർക്കാർ അംഗീകാരം നൽകിയ ഒരു ബ്രഹദ് പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാനിനെ ആധാരമാക്കി തയ്യാറാക്കിയ നിലയ്ക്കൽ ലേ ഔട്ട് പ്ലാനിന് 24.06.2020-ലും ശബരിമല സന്നിധാനം, പമ്പ & ട്രെക്ക് റൂട്ട് എന്നിവയുടെ ലേ ഔട്ട് പ്ലാനിന് 09.01.2025-ലും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സന്നിധാനം, പമ്പ & ട്രെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്. കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം നടന്നുവരുന്നുണ്ട്.<br><br>ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ 31496 ലക്ഷം രൂപയുടെ പദ്ധതികളാണ് ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെയും കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നടന്നുവരുന്ന ശബരിമല ഇടത്താവളങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏതുതരത്തിലുള്ള സഹായമാണ് സർക്കാരും ദേവസ്വം ബോർഡുകളും നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങൾ ഉൾപ്പെടെ എല്ലാ ക്ഷേത്രങ്ങളിലെയും നിത്യനിദാന ചെലവുകൾ, ജീവനക്കാരുടെ വേതനം, ഇലക്ട്രിസിറ്റി ചാർജ്ജ് തുടങ്ങിയവ ദേവസ്വം ബോർഡ് നേരിട്ടാണ് |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നത്. കൂടാതെ കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള സഹായം ദേവസ്വം ബോർഡ് നൽകുന്നുണ്ട്. ക്ഷേത്രങ്ങളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ, ഉത്സവ ചെലവുകൾക്കായി നൽകുന്ന കോൺട്രിബ്യൂഷൻ തുടങ്ങിയവയും ദേവസ്വം ബോർഡ് വഹിക്കുന്നുണ്ട്. ഉപദേശക സമിതികൾ നിലവിലില്ലാത്ത ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് നേരിട്ടാണ് ഉത്സവം നടത്തുന്നത്. ഇത്തരത്തിൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ വരുമാന കുറവ് കണക്കിലെടുക്കാതെ തന്നെ ആവശ്യമായ എല്ലാ സഹായങ്ങളും കൊച്ചിൻ ദേവസ്വം ബോർഡ് നൽകി വരുന്നുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിന് കീഴിൽ പതിനൊന്ന് കീഴേടം ക്ഷേത്രങ്ങളാണുള്ളത്. അതിൽ രണ്ടെണ്ണം ദേവസ്വം നേരിട്ട് നടത്തുന്നവയാണ്. മറ്റ് ഒൻപത് ക്ഷേത്രങ്ങളിലെ മേൽശാന്തിമാർക്ക് 6,000/- രൂപ വീതവും, കഴകത്തിന് 3,250/- രൂപ വീതവും, അടിച്ചുതളിക്കാർക്ക് 3,250/- രൂപ വീതവും പ്രതിമാസ ധനസഹായം ദേവസ്വം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ ടി ക്ഷേത്രങ്ങളുടെ ഉത്സവത്തോടനുബന്ധിച്ച് 10,000/- രൂപ വീതം ഒരോ ക്ഷേത്രത്തിനും സാമ്പത്തിക സഹായവും കൂടൽമാണിക്യം ദേവസ്വം അനുവദിക്കുന്നുണ്ട്.<br><br>25 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളത്തിനായി മലബാർ ദേവസ്വം ബോർഡ്, സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് ഉപയോഗപ്പെടുത്തി ധനസഹായം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കുള്ള ഗ്രാന്റായി ഓരോ ക്ഷേത്രത്തിന്റെയും മെറിറ്റ് പരിഗണിച്ച് മലബാർ ദേവസ്വം ബോർഡ് തുക അനുവദിച്ച് വരുന്നുണ്ട്.<br><br>ദേവസ്വം ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കൊണ്ട് വരുമാനം കുറവുള്ള ക്ഷേത്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡും നടത്തിവരുന്നുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തുടനീളമുള്ള ഹൈന്ദവ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഗുരുവായൂർ ദേവസ്വത്തിൽ നിന്നും ക്ഷേത്ര ധനസഹായം എല്ലാ വർഷവും അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ.</u>**

**1. പമ്പ ഗണപതിക്ഷേത്രം മുതൽ പമ്പ ഹിൽടോപ്പ് വരെ പമ്പാ നദിക്ക് കുറുകെ നിർമ്മിക്കുന്ന സുരക്ഷാപാലം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 3190 ലക്ഷം രൂപ)

**2. നിലയ്ക്കൽ ഇടത്താവളത്തിലെ കോർ ഏരിയയുടെ വികസനം.** (2840 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്)

**3. കുന്നാറിൽ നിന്നും ശബരിമല സന്നിധാനത്തേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ.** (994 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്)

**4. നിലയ്ക്കൽ ഇടത്താവളത്തിലെ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 14500 ലക്ഷം രൂപ)

**5. ശബരിമല സന്നിധാനത്തെ തീർത്ഥാടന സൗകര്യ കേന്ദ്രം, തന്ത്രിമഠം, പ്രസാദ നിർമ്മാണ-വിതരണ സമുച്ചയം എന്നിവയുടെ നിർമ്മാണം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 9600 ലക്ഷം രൂപ)

**6. ശബരിമല സന്നിധാനത്ത് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തി.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 372 ലക്ഷം രൂപ))

കൂടാതെ ശബരിമല സന്നിധാനത്തെ തീർത്ഥാടക നിർഗമന പാലം, നിലയ്ക്കൽ ഇടത്താവളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും എന്നിവയ്ക്കായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

**ശബരിമല ഇടത്താവളം നിർമ്മാണ പദ്ധതി**

| | | | |
|---|---|---|---|
| **പാക്കേജ് – 1** | | | |
| 1. | നിലക്കൽ | 7 കെട്ടിടങ്ങൾ(വിരി) & Parking | 43,53,48,891.76 (including GST) |
| | | STP (5 MLD) | 5,27,42,417.86 (including GST) |
| 2. | കഴക്കൂട്ടം | വിരി & അന്നദാനം ബ്ലോക്ക് | 11,12,16,113.22 (including GST) |
| 3. | ചെങ്ങന്നൂർ | വിരി & അന്നദാനം ബ്ലോക്ക് | 14,81,43,532.49 (including GST) |
| 4. | ചിറങ്ങര | വിരി & അന്നദാനം ബ്ലോക്ക് | 12,89,95,447.31 (including GST) |
| 5. | എരുമേലി | വിരി & അന്നദാനം ബ്ലോക്ക് | 12,03,94,152.82 (including GST) |
| | | ഗസ്റ്റ് ഹൗസ് | 4,30,98,175.64 (including GST) |
| **പാക്കേജ് – 2** | | | |
| 6. | മണിയങ്കോട് | വിരി & അന്നദാനം ബ്ലോക്ക് | 12,42,06,121.64 (including GST) |
| **പാക്കേജ് –1 + പാക്കേജ് – 2 (ആകെ)** | | | **116,41,44,853.74** |